LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിന് നടപടി

*2 [922] ശ്രീ. പി. ടി. തോമസ്:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, ഡൊമിനിക് പ്രസന്റേഷൻ:
,, എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാവിജയത്തിന്റെ കാര്യത്തിൽ താഴ്ന്ന നിലവാരം പുലർത്തുന്ന സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു;

(ബി) അതിന് പ്രതീക്ഷിച്ച ഫലം സിദ്ധിക്കുന്നുണ്ടോ;

(സി) പ്രസ്തുത നടപടികൾക്ക് എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ,

(എ) എസ്. എസ്. എൽ. സി. വിജയ ശതമാനം ഉയർത്തുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും ആഭിമുഖ്യത്തിൽ പല പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് സ്റ്റേറ്റ് ആവറേജിനേക്കാൾ വിജയ ശതമാനം കുറഞ്ഞ സ്കൂളുകൾ ദത്തെടുത്ത് പി. ടി. എ.-യുടേയും സ്കൂൾ അധികൃതരുടേയും സഹായത്തോടെ വിജയ ശതമാനം ഉയർത്തുന്നതിനുള്ള പരിപാടികൾ മുൻവർഷങ്ങളിൽ ഏറ്റെടുത്ത് നടത്തിയിരുന്നു. ഈ വർഷം 25%-ൽ താഴെ വിജയ ശതമാനം കരസ്ഥമാക്കിയ 84 ഗവൺമെന്റ് ഹൈസ്കൂളുകൾ ദത്തെടുത്തിട്ടുണ്ട്. മലപ്പുറം ജില്ലയിലെ തദ്ദേശ ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ 'വിജയഭേരി' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഏറ്റവും കൂടുതൽ വിജയ ശതമാനം കരസ്ഥമാക്കുന്ന ജില്ലയ്ക്ക് പ്രോൽസാഹനമെന്നുള്ള നിലയിൽ ട്രോഫിയും സർട്ടിഫിക്കറ്റും നൽകിവരുന്നുണ്ട്. മുൻ വർഷത്തേക്കാൾ ഉയർന്ന വിജയ ശതമാനം കരസ്ഥമാക്കുന്ന ജില്ലയ്ക്കും ഇതേ രീതിയിൽ പ്രോൽസാഹന സമ്മാനം നൽകി വരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ്: സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതു സംബന്ധിച്ചുള്ള ചർച്ചകൾ പ്രധാനമായും പത്താം തരത്തിൽ പഠിക്കുന്ന കുട്ടികളുമായി ബന്ധപ്പെടുത്തി അല്ലെങ്കിൽ എസ്. എസ്. എൽ. സി. റിസൾട്ടുമായി ഓറിയന്റ് ഡായിട്ടാണ് പലപ്പോഴും നടക്കുന്നത്. അധ്യാപകർക്കുള്ള ഇൻ സർവ്വീസ് കോഴ്സുകൾ പ്രധാനമായും പഴയതുപോലെ ശക്തമായി നടക്കാതിരിക്കുന്നതും അതുപോലെ മഹാഭൂരിപക്ഷം കുട്ടികൾ തോൽക്കുന്നതും ഇംഗ്ലീഷിനും കണക്കിനുമാണെന്നും കാണാൻ കഴിയും. അതുകൊണ്ട് ഇംഗ്ലീഷും കണക്കും പഠിപ്പിക്കാൻ അധ്യാപകർക്ക് കുറേക്കൂടി ഗൗരവതരമായ ട്രെയിനിംഗ് കൊടുക്കേണ്ടത് അനിവാര്യമാണെന്നാണ് എനിക്ക് പറയാനുള്ളത്. ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നത് ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദമോ അല്ലെങ്കിൽ ബി. എഡ്. ബിരുദമുള്ളവരോ അല്ല. ഇത്തരം കാര്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി കുറേക്കൂടി ഗൗരവതരമായ സമീപനം അധ്യാപകരുടെ ഇൻ സർവ്വീസ് കോഴ്സടക്കമുള്ള കാര്യങ്ങളിൽ സ്വീകരിക്കുകയും 10-ാം ക്ലാസ്സിൽ വച്ചു പെട്ടെന്നു പഠനം മെച്ചപ്പെടുത്താനുള്ള ശ്രമത്തിനു പകരം 1-ാം ക്ലാസ് മുതൽ അതിനുവേണ്ടി പടിപടിയായി ശ്രമം നടത്താൻ വേണ്ടിയുള്ള ഒരു പദ്ധതിക്ക് രൂപം കൊടുക്കുകയും ചെയ്യുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇംഗ്ലീഷ് ആർക്കും പഠിപ്പിക്കാം എന്നായിരുന്നു ഇതുവരെയുള്ള ധാരണ. ഇംഗ്ലീഷിൽ പ്രത്യേകം ഡിഗ്രി ഒന്നും എടുക്കണമെന്നില്ലായിരുന്നു. ഏതു ആളിനുവേണമെങ്കിലും ഇംഗ്ലീഷ് പഠിപ്പിക്കാം. ഇക്കാരണം കൊണ്ടു തന്നെയാണ് ഇംഗ്ലീഷിന്റെ നിലവാരം ഇത്രയും താഴോട്ടു പോയത്. ഇപ്പോൾ അതിൽ മാറ്റം വന്നിട്ടുണ്ട്. ഇനി മുതൽ എട്ടും ഒമ്പതും ക്ലാസ്സുകളിൽ ഗ്രേഡിംഗ് വരാൻ പോകുകയാണ്. വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പല പരിപാടികളും ഉണ്ട്. അധ്യാപകർക്ക് ട്രെയിനിംഗ് കൊടുക്കുന്നുണ്ട്, വിദ്യാർത്ഥികൾക്ക് ട്രെയിനിംഗ് കൊടുക്കുന്നുണ്ട്. അതുപോലെ പഠിപ്പിക്കുന്ന സബ്ജക്ടിന് അധ്യാപകർക്കു പ്രത്യേക ട്രെയിനിംഗ് കൊടുക്കുന്നുണ്ട്. എട്ടും ഒൻപതും ക്ലാസ്സുകൾക്കു താഴെ മുതൽ തന്നെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ ആവശ്യമായ വിവിധ പദ്ധതികൾക്കു രൂപം കൊടുത്തിട്ടുണ്ട്. പുതിയ എസ്. എസ്. എ. പദ്ധതിയിൽ തന്നെ ഇതിനുവേണ്ട ഫണ്ടും കാര്യങ്ങളും ലഭ്യമാണ്. അതുകൊണ്ട് കൂടുതൽ ഇക്കാര്യത്തിൽ ശ്രദ്ധ കൊടുക്കുന്നുണ്ട്.

ശ്രീ. പി. ടി. തോമസ്: നമ്മുടെ സ്കൂളുകൾ തുറന്ന് വളരെ ദിവസങ്ങൾക്കുശേഷമാണ് പലപ്പോഴും പ്രധാന അധ്യാപകർ അടക്കമുള്ള ടീച്ചർമാരുടെ സ്ഥലം മാറ്റം നടക്കുന്നത്. സ്കൂൾ തുറക്കുന്നതിനുമുമ്പ് ആവശ്യമായ സ്ഥലം മാറ്റങ്ങളൊക്കെ അനിവാര്യമാണെങ്കിൽ അത് പൂർത്തിയാക്കണം. അതോടൊപ്പം തന്നെ വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം ധാരാളം അധ്യാപകർ ഡെപ്യൂട്ടേഷനിൽ പോകുന്നു എന്നുള്ളതാണ്. പണ്ട് സാക്ഷരതാ പ്രവർത്തനം തുടങ്ങിയ കാലഘട്ടത്തിൽ ഡെപ്യൂട്ടേഷനിൽ കയറി അതിന്റെ സുഖം അനുഭവിച്ച ആളുകൾ, പത്തിരുപത് വർഷമായി

ഇന്നും ഡെപ്യൂട്ടേഷനിൽ തുടരുന്ന ആളുകൾ ഒക്കെയുണ്ട്. സാക്ഷരതയിൽ തുടങ്ങി, ഡി. പി. ഇ. പി.-യിൽ വന്നു, കഴിഞ്ഞ പ്രാവശ്യം ജനകീയാസൂത്രണത്തിലായി. ഇപ്പോൾ കേരളാ വികസന മോഡൽ ഇങ്ങനെയൊക്കെ തുടങ്ങി ഡെപ്യൂട്ടേഷനാണ് പ്രധാന ലക്ഷ്യം. പഠിപ്പിക്കൽ മാറ്റി വച്ചുകൊണ്ടുപോകുന്ന ഒരു പ്രവണതയുണ്ട്; അതവസാനിപ്പിക്കണം. അതുപോലെ ബ്ലേഡ് കച്ചവടം തുടങ്ങി അനാശാസ്യമായ ഒട്ടേറെ പ്രവണതകൾക്ക് വിദ്യാഭ്യാസ മേഖലയിൽ അധ്യാപകർ സാക്ഷ്യം വഹിക്കുകയാണ്. ഇതവസാനിപ്പിക്കാൻ എന്തു നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: മാറ്റങ്ങൾക്കു പൊതുവിൽ മാനദണ്ഡങ്ങൾ സ്വീകരിച്ചു പോകാൻ ശ്രമിക്കാറുണ്ട്. ഇപ്പോൾ മറ്റു സ്കൂളുകൾ ഒക്കെ വന്നു തുടങ്ങിയതോടുകൂടി ഗവൺമെന്റ് സ്കൂളുകളിലൊക്കെ നിലവാരം ഉയർത്തുന്നതിനുള്ള ചിന്ത വളരെ ശക്തമായിട്ടുണ്ട്. ഇന്ന് അധ്യാപകരുടേയും വിദ്യാർത്ഥി പ്രതിനിധികളുടേയുമൊക്കെ ചർച്ചയിൽ കടന്നു വരുന്ന പ്രധാന വിഷയം സ്കൂളുകളുടെ നിലവാരം ഉയർത്തുക എന്നുള്ളതുതന്നെയാണ്. ഇക്കാര്യത്തിൽ എല്ലാവരും സഹകരിക്കണം എന്നുള്ള ഒരു സമീപനം ഇപ്പോൾ വരുന്നുണ്ട്. അതുകൊണ്ട് അധ്യാപകരുടെ പ്രധാന വിഷയം വിദ്യാർത്ഥികളെ പഠിപ്പിക്കുക എന്നതു തന്നെയാണ്. മറ്റു തരത്തിലുള്ള പരിപാടികളൊക്കെ നിർത്തലാക്കാൻ കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താരതമ്യേന സാമ്പത്തിക സ്ഥിതി മോശമായ ആൾക്കാരുടെ മക്കൾ പഠിക്കുന്ന സ്കൂളുകളിലാണ് കുറഞ്ഞ റിസൾട്ടു കണ്ടുവരുന്നത്. ഇത്തരം കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ അധ്യാപകരും രക്ഷിതാക്കളും തമ്മിൽ പരസ്പരം കാണാറില്ലെന്നും രക്ഷാകർത്താക്കൾ തങ്ങളുടെ മക്കളുടെ പഠിത്ത കാര്യത്തിൽ കൂടുതൽ നിഷ്കർഷത പ്രകടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ഡിപ്പാർട്ട്മെന്റ് തലത്തിൽ ആലോചിക്കുന്നുണ്ടോ; അതു നടപ്പിൽ വരുത്തുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഈ മാതിരിയുള്ള പ്രദേശങ്ങൾ, പിന്നോക്ക വിഭാഗങ്ങളുള്ള പ്രദേശങ്ങൾ ഇവിടങ്ങളിലൊക്കെയുള്ള ഈ സ്ഥിതി മാറ്റാൻ വേണ്ടി ഒരുപാട് സ്കീമുകളുണ്ട്. അതിനാവശ്യമായ ഫണ്ടും മറ്റു കാര്യങ്ങളുമുണ്ട്. അതു ചെലവാക്കുന്നുമുണ്ട്. എസ്. എസ്. എ.-യിൽ തന്നെയുള്ള ഒരു പ്രധാന വിഷയം തന്നെ അതാണ്. അതുകൊണ്ട് പി. ടി. എ. ശക്തിപ്പെടുത്തി, ബോധവൽക്കരണ പരിപാടികൾ നടത്തി, കുട്ടികളെ സ്കൂളിൽ കൊണ്ടു വരുവാനും സ്കൂളിൽ വരാത്ത കുട്ടികളെ വീണ്ടും സ്കൂളിൽ കൊണ്ടു വരുന്നതിനും മറ്റും ധാരാളം പദ്ധതികൾ ഉണ്ട്. ദേശീയ തലത്തിൽ തന്നെ വളരെയേറെ പ്രയോറിറ്റി കൊടുത്തുകൊണ്ട് ചെയ്യുന്ന ഒരു സ്കീമാണ് എസ്. എസ്. എ. ഇത് പൂർണ്ണമായും നടപ്പിലാക്കുമ്പോൾ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ കഴിയും.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: അധ്യാപകരും പഠനോപകരണങ്ങളും വളരെ കുറഞ്ഞ സ്കൂളുകളിൽ വിജയ ശതമാനം വളരെ കുറഞ്ഞിരിക്കും. കൊല്ലം ജില്ലയിലെ അച്ചൻകോവിൽ സ്കൂൾ ഇത്തവണയും 100 ശതമാനവും തോൽവി സംഭവിച്ച സ്കൂളുകളുടെ ലിസ്റ്റിൽ ഉണ്ടായിരുന്നു. അവിടെയൊക്കെ ആവശ്യത്തിനെങ്കിലും അധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പെർമെനന്റായി പി. എസ്. സി. ഹാന്റ്സിനെ കിട്ടാത്ത സ്ഥലങ്ങളിൽ ടെമ്പററി ഹാന്റ്സിനെ വച്ചു ഫിൽ അപ്പ് ചെയ്യുന്നുണ്ട്. വിജയശതമാനം വളരെ കുറഞ്ഞ എൺപത്തിയഞ്ചോളം സ്കൂളുകൾ ഇപ്പോൾ ദത്തെടുത്തിട്ടുണ്ട്. അങ്ങനെയുള്ള പല പരിപാടികളും ഗവൺമെന്റ് സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. ടി. യു. രാധാകൃഷ്ണൻ: അൺ എയ്ഡഡ് സ്കൂളുകളിൽ ഉണ്ടാകുന്ന വിജയ ശതമാനം സർക്കാർ സ്കൂളുകളിൽ ഉണ്ടാകുന്നില്ല എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ആരുടേയും ശ്രദ്ധയിൽപ്പെടാതെ പോകുന്ന ഒരു വിഷയമല്ല; ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിപ്പോൾ ചർച്ച ചെയ്യുന്ന വിഷയമാണ്. ഗവൺമെന്റ് സ്കൂളുകളിൽ ഡിവോട്ടഡ് ആയിട്ടുള്ള വർക്കില്ല എന്നുള്ളതാണ് പൊതുവേ ഉയർന്നുവന്നിട്ടുള്ള, ഒരു ക്രിട്ടിസിസം. അതേയവസരം മറ്റുള്ള സ്കൂളുകളിൽ പേ ചെയ്യാൻ കഴിവുള്ള, കുറച്ചുകൂടി ഉയർന്ന നിലവാരത്തിലുള്ള കുട്ടികൾ വരുന്നു, സെലക്ടഡായിട്ടുള്ള കുട്ടികൾ വരുന്നു. ഇവിടെ എല്ലാം നല്ല മാർക്കും ലഭിക്കുന്നുണ്ട്. ഇതിനകത്തു അനുകൂലമായും പ്രതികൂലമായും ഉള്ള വിഷയങ്ങളുണ്ട്. വിദ്യാഭ്യാസ നിലവാരം ഉയർത്താൻ വേണ്ടി വളരെ അർപ്പിത ബോധത്തോടുകൂടി അധ്യാപകരും വിദ്യാർത്ഥികളും നമ്മളൊക്കെയും പ്രവർത്തിക്കേണ്ടതുണ്ട്. എന്നാൽ മാത്രമേ നമ്മുടെ സ്കൂളുകളിൽ നിലനിൽക്കുന്ന വ്യത്യാസം കാലക്രമേണ മാറുകയുള്ളൂ.

ശ്രീ. ടി. യു. രാധാകൃഷ്ണൻ: അൺ എയ്ഡഡ് പ്ലസ് ടു സ്കൂളുകളിലൊക്കെ ഇപ്പോൾ അധ്യാപക നിയമനത്തിന് സെറ്റ് പാസ്സാകണമെന്നൊരു നിബന്ധന വച്ചിട്ടുണ്ട്. പക്ഷേ പ്രൈമറി മുതൽ എസ്. എസ്. എൽ. സി. വരെയുള്ള അധ്യാപക നിയമനത്തിന് ബി. എഡ്. മതിയെന്നാണ് വച്ചിരിക്കുന്നത്. എന്നാൽ എയിഡഡ് സ്കൂളുകളിലെ അധ്യാപനത്തിനുള്ള മാനദണ്ഡം എന്താണെന്നു പറയേണ്ടതില്ലല്ലോ, പക്ഷേ ആ മേഖലയിലും സെറ്റ് പോലെയുള്ള ഏതെങ്കിലുമൊരു പരീക്ഷയ്ക്കു വിധേയമാക്കി അധ്യാപക നിയമനത്തിന് ഒരു മാനദണ്ഡമുണ്ടാക്കി നിയമനം നടത്തേണ്ടതാണ്. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് അധ്യാപകർക്കു കഴിയുന്ന രൂപത്തിലേയ്ക്ക് മാറ്റിയെടുക്കാൻ കഴിയണം. അതിന് ഏതെങ്കിലും ഒരു നിയമനിർമ്മാണമോ നടപടിയോ ഉണ്ടാക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സെറ്റു പാസ്സാകണമെന്നുള്ള നിയമം വച്ചപ്പോൾ ഉണ്ടായ ബഹളം നമുക്കെല്ലാവർക്കും അറിയാവുന്നതാണല്ലോ. വിദ്യാഭ്യാസ മേഖലയിൽ എന്തു മാറ്റങ്ങൾ കൊണ്ടു വരണമെങ്കിലും അതു നല്ലതുപോലെ ആലോചിച്ചതിനു ശേഷം മാത്രമേ പാടുള്ളൂ. ചർച്ച ചെയ്യപ്പെടേണ്ട വിവിധ ഘടകങ്ങൾ അതിനകത്തുണ്ട്. അതുകൊണ്ട് അതു നമുക്ക് ആലോചിക്കേണ്ട ഒരു വിഷയമാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: പരീക്ഷാ വിജയത്തിനു അധ്യാപകരുടേയും മറ്റെല്ലാവരുടേയും സഹകരണം വേണമെങ്കിൽ ഭൗതിക സാഹചര്യങ്ങൾ കൂടി ഒരുക്കേണ്ടതായിട്ടുണ്ട്. പല സ്കൂളുകളിലും ഡസ്ക്കും ബഞ്ചും മൂത്രപ്പുര പോലുമില്ല, എന്നുമാത്രമല്ല നമ്മുടെ പുതിയ സംവിധാനമായ കമ്പ്യൂട്ടർ പോലും പല സ്കൂളുകളിലും ഇല്ല. അതുകൊണ്ട് ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുകൂടി ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: തീർച്ചയായും അത് ഗവൺമെന്റിന്റെ പ്രയോറിറ്റിയാണ്. ഇത്തവണ ബിൽഡിംഗ് നിർമ്മിക്കുന്നതിനും മറ്റുമായി നബാർഡിന്റെ സ്കീംസുണ്ട്; പല സ്കീമുകളുമുണ്ട്. നമ്മുടെ സ്കൂൾ ബിൽഡിംഗുകൾ വളരെ പെട്ടെന്നു പൂർത്തിയാകും. കുറേക്കൂടി വലിയ ഒരു റവല്യൂഷനറി ചെയ്ഞ്ചു വരും. അതുപോലെ മറ്റു ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഒരു പ്രയോറിറ്റി തന്നെ കൊടുക്കുന്നുണ്ട്. ഭൗതിക സാഹചര്യം ഒരുക്കുക എന്നുള്ളത് ഒരു പ്രധാന പ്പെട്ട വിഷയമാണ്. എസ്. എസ്. എ.-യുടെ കാര്യത്തിൽ നല്ലൊരു പെർസന്റേജ് ഇൻഫ്രാസ്ട്രക്ചറിനുവേണ്ടി ചെലവാക്കുകയാണ്. ഇങ്ങനെയുള്ള പ്രശ്നങ്ങളൊക്കെ അതാതു സമയത്തിനുള്ളിൽ പരിഹരിക്കാൻ സാധിക്കുമെന്നാണ് വിശ്വസിക്കുന്നത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: പല സർക്കാർ സ്കൂളുകളിലേയും റിസൾട്ട് മോശമാകുന്നതിന്റെ പ്രധാന കാരണം അധ്യാപകരും വിദ്യാർത്ഥികളും തമ്മിൽ ഒരുമിച്ചു സമരം ചെയ്യുന്നതുകൊണ്ടാണ്. ഇപ്പോൾ പല സ്കൂളുകളിലും കുട്ടികളെ സമരത്തിനു കിട്ടുന്നില്ല. എന്നാലും അധ്യാപകർ സ്വന്തം കുട്ടികളുടെ മുമ്പിൽ മുഷ്ടി ചുരുട്ടി സമരത്തിനിറങ്ങുന്ന ഏർപ്പാട് മോശമാണെന്ന് അവരെ പറഞ്ഞു മനസ്സിലാക്കിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അധ്യാപക സംഘടനകളും വിദ്യാർത്ഥി സംഘടനകളും തമ്മിൽ ഈ കഴിഞ്ഞ ദിവസം നടന്ന ചർച്ചയിൽ ഈ വക കാര്യങ്ങളൊക്കെ വന്നിട്ടുണ്ട്. വിദ്യാലയങ്ങളിലെ പതിവു രീതികൾ മാറ്റി നമുക്കും ഉയർന്ന ഒരു നിലവാരത്തിലേക്ക് പോകണമെന്നുള്ള ഒരു രീതി വന്നിട്ടുണ്ട്. അതുകൊണ്ട് കാലക്രമേണ ഈ വക കാര്യങ്ങളിലൊക്കെ ഒരു ചെയ്ഞ്ചുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഒരു മാറ്റത്തിന്റെ അന്തരീക്ഷം ദൃശ്യമാണ്.

ശ്രീ. എൻ. ഡി. അപ്പച്ചൻ: എസ്. എസ്. എൽ. സി. പരീക്ഷയുടെ വിജയ ശതമാനം ഉയർത്തുന്നതിന് കുട്ടികൾക്ക് ട്യൂഷൻ കൊടുക്കുന്നതിനുവേണ്ടി കോച്ചിംഗ് മുതലായവ തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. എസ്. എസ്. എൽ. സി. വിജയ ശതമാനം കൂട്ടാനുള്ള ശ്രമങ്ങളാണ് ഇതൊക്കെ. ഇതു കതിരിന്മേൽ വളം വയ്ക്കുന്നതുപോലെയാണ്. പ്രൈമറി തലം മുതൽ കുട്ടികൾക്കാവശ്യമായ കോച്ചിംഗ് കൊടുത്തുകൊണ്ട് അവരെ വളർത്തി എടുക്കാൻ ശ്രമിക്കണം. അതു സാധിച്ചില്ലെങ്കിൽ യു. പി. തലം മുതൽ എങ്കിലും അതിനുള്ള ശ്രമങ്ങൾ നടത്തണമെന്നാണ് എനിക്കു പറയാനുള്ളത്. എങ്കിൽ മാത്രമേ എസ്. എസ്. എൽ. സി. വിജയശതമാനം വർദ്ധിപ്പിക്കാൻ നമുക്കു കഴിയൂ. അതിനാവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇതിനൊക്കെ തദ്ദേശസ്വയംഭരണ വകുപ്പുകൾക്കു നല്ല ഫ്രീഡം കൊടുത്തിട്ടുണ്ട്. ഇപ്പോൾതന്നെ ചില പഞ്ചായത്തുകൾ വിജയശതമാനം കൂട്ടുന്നതിനുവേണ്ടി ചില ഇൻസ്റ്റിറ്റ്യൂഷനുകൾ സ്ഥാപിച്ച് കുട്ടികൾക്ക് ആവശ്യമായ കോച്ചിംഗ് കൊടുക്കുന്നുണ്ട്. ഉദാഹരണത്തിന് മലപ്പുറത്തെ 'വിജയഭേരി' എന്ന പ്രസ്ഥാനം. എസ്. എസ്. എൽ. സി. വിജയശതമാനം കൂട്ടാൻ നേരത്തെ ശ്രമം നടത്തുകയാണ്. അതുപോലെ കൊച്ചിൻ കോർപ്പറേഷനിലെ വിദ്യാജ്യോതി, അതുപോലെ പാലക്കാട്ടെ മറ്റൊരു പ്രസ്ഥാനം. ഇവരെല്ലാം വിദ്യാഭ്യാസ നിലവാരം ഉയർത്താൻ ശ്രമിക്കുന്നുണ്ട്. അതിനുള്ള ഫ്രീഡവും അവർക്കു കൊടുത്തിട്ടുണ്ട്. ഈ സ്കൂളുകളിലൊക്കെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ ഭാവനാ സമ്പന്നമായ പരിപാടികൾ ആവിഷ്കരിക്കാൻ ഗവൺമെന്റിനു പല സ്കീമുകളുമുണ്ട്. പി. ടി. എ.-ക്കു പല പരിപാടികളും ആവിഷ്കരിച്ചു നടപ്പിലാക്കാനുള്ള ഫ്രീഡം ഉണ്ട്. ഇങ്ങനെ എല്ലാ കാര്യങ്ങളിലും അനുകൂലമായ നിലപാടാണ് ഗവൺമെന്റിനുള്ളത്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly